പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1571 — 15.02.2016 ലെ മറുപടിയ്ക്ക്

## ആത്മഹത്യ ചെയ്ത റബ്ബർ കർഷകർ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് റബ്ബർ വിലയിടിവ് കാരണം കടക്കെണിയിലായി ആത്മഹത്യ ചെയ്ത റബ്ബർ കർഷകർ എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; <br>(ബി) ഈ കർഷകരുടെ കുടുംബങ്ങൾക്ക് സർക്കാർ എന്തെങ്കിലും സഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) & (ബി) | ഈ സർക്കാറിന്റെ കാലത്ത് റബ്ബർ വിലയിടിവ് കാരണം കടക്കെണിയിലായി റബ്ബർ കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) റബ്ബർ വിലയിടിവ് മൂലം കഷ്ടത അനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ; <br>(ഡി) പ്രസ്തുത നടപടി കർഷകർക്ക് എത്രത്തോളം ഉപകാരപ്രദമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) & (ഡി) | ഉണ്ട്. <br>സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന നിന്ന സാഹചര്യത്തിൽ, 25.02.2014 ലെ സ.ഉ. (എം.എസ്) നം.56/2014/കൃഷി ഉത്തരവ് പ്രകാരം റബ്ബർ സംഭരണം ആരംഭിച്ചിരുന്നു. കൂടാതെ റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി 2015-16- ലെ ബജറ്റ് പ്രഖ്യാപന പ്രകാരം നടപ്പാക്കുന്ന "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി" പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വില്പന ബില്ലിന്റെ അടിസ്ഥാനത്തിൽ, കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകി വരുന്നു. സംസ്ഥാനത്തെ ശരാശരി റബ്ബർ ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ അപേക്ഷകനും ഒരു വർഷം ഹെക്ടർ ഒന്നിന് 1800 കിലോഗ്രാം എന്ന് പരിമിതപ്പെടുത്തിയാണ് സാമ്പത്തിക സഹായം നൽകുന്നത്. 5 ഹെക്ടറിൽ കവിയാത്ത കൃഷി ഭൂമിയുള്ള റബ്ബർ കർഷകർക്ക് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. എന്നാൽ സാമ്പത്തിക സഹായം ഒരു കർഷകന് 2 ഹെക്ടർ റബ്ബർ കൃഷിയ്ക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ കീഴിൽ RSS-IV, RSS -V ലാറ്റക്സ് എന്നിവയ്ക്ക് സബ്സിഡി നൽകുന്നുണ്ട്. <br><br>റബ്ബറിന്റെ വിലയിടിവ് മൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒരു പരിധി വരെ ഒഴിവാക്കുന്നതിന് മേൽപ്പറഞ്ഞ നടപടികൾ സഹായകരമായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**